## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം<br>നം. 3588 | 17.10.2011-ലെ മറുപടിക്ക് |
|---|---|

### പുനരധിവാസ ധ്യാന കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) സർക്കാർ നിയന്ത്രണത്തിലല്ലാതെ മാനസികരോഗികളെ പാർപ്പിക്കുന്ന ധ്യാനകേന്ദ്രങ്ങളും പുനരധിവാസ കേന്ദ്രങ്ങളും വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ഇത്തരത്തിലുള്ള 27 പുനരധിവാസ കേന്ദ്രങ്ങളും ഒരു ധ്യാന കേന്ദ്രവും മെന്റൽ ഹെൽത്ത് ആക്ടിൻ പ്രകാരമുള്ള ലൈസൻസിന് അപേക്ഷ നൽകിയിട്ടുണ്ട്. |
| സി) വ്യക്തികളും സംഘടനകളും നടത്തുന്ന അത്തരം സ്ഥാപനങ്ങളിൽ യോഗ്യതയുള്ള ഡോക്ടർമാരോ സൗകര്യങ്ങളോ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) ലൈസൻസ് നൽകുന്നതിനുള്ള പരിശോധന കഴിഞ്ഞ ഏതാനും സ്ഥാപനങ്ങളിൽ യോഗ്യതയുള്ള ഡോക്ടർമാരുടേയും സൗകര്യങ്ങളുടേയും അഭാവം ഉണ്ട് എന്നത് ബോധ്യപ്പെട്ടിട്ടുണ്ട്. |
| ഡി) പ്രാകൃത ചികിത്സാരീതികൾ പിൻതുടരുന്ന ഇത്തരം കേന്ദ്രങ്ങളിൽ രോഗികൾ പീഢനത്തിനിരയാകുന്നുണ്ടെന്നുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | ഡി) ഇത്തരത്തിൽ പരാതി കിട്ടിയ ഏതാനും സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ഇ) മനോരോഗികളെ താമസിപ്പിക്കുന്ന അത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ;<br>എഫ്) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ഇ) & എഫ്) മെന്റൽ ഹെൽത്ത് ആക്ട് 1987 -ലെ വകുപ്പുകൾ പ്രകാരം മനോരോഗികളെ പാർപ്പിക്കുന്ന ഇത്തരം കേന്ദ്രങ്ങൾ ടി ആക്ടിന്റെ പരിധിയിൽപ്പെടുന്നതാണ്. ആകയാൽ ഇത്തരം കേന്ദ്രങ്ങൾ മെന്റൽ ഹെൽത്ത് ആക്ട് പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതുണ്ട്. ഇത്തരം 28 സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഇനിയും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളോട് ലൈസൻസിനായി അപേക്ഷിക്കുവാൻ ആവശ്യപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ